Draft #5 of File 41673/AC A3-1/2023/AC A 3 Approved by ASSISTANT REGISTRAR III (ACADEMIC) on 17-Dec-2024 01:03 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികൾക്ക്, സർവകലാശാലയിലെ വിവിധ പ്രോഗ്രാമ്മുകളിലേക്കുള്ള പ്രവേശനത്തിന് യോഗ്യത പരീക്ഷയുടെ മാർക്കിലും, പ്രായ പരിധിയിലും പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിന് സമാനമായ ആനുകൂല്യം അനുവദിക്കുന്നത്-സർ വകലാശാലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിന് നിയോഗിച്ച കമ്മിറ്റി സമർ പ്പിച്ച റിപ്പോർ ട്ട് പരിഗണിച്ച് ആനുകൂല്യം അനുവദിക്കുന്നതിനുള്ള സിൻ ഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 3 സെക്ഷൻ**

നമ്പർ. 11457/AC A 3/2024/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 17.12.2024

---

*പരാമർശം:*-1. ബഹു. കേരള സംസ്ഥാന ഭിന്നശേഷി കമ്മീഷൻ 22.03.2023 തീയതിയിൽ നടത്തിയ ഓൺലൈൻ മീറ്റിംഗ്.
2.31.07.2023 തീയതിയിലെ 8295/AC A3/2023/എം.ജി.യു നമ്പർ ഉത്തരവ്.
3.14.11.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് (24.07) ഇനം നമ്പർ 66/24.07/41673/AC A3-1/2023

**ഉത്തരവ്**

ബഹു. കേരള സംസ്ഥാന ഭിന്നശേഷി കമ്മീഷൻ പരാമർശം (1) പ്രകാരം കേരളത്തിലെ സർവകലാശാലകളിലെ രജിസ്ട്രാർമാരുമായി നടത്തിയ ഓൺലൈൻ മീറ്റിംഗിൽ ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികൾക്ക് വിവിധ പ്രോഗ്രാമ്മുകളിൽ പ്രവേശനത്തിന് യോഗ്യതാ പരീക്ഷയുടെ മാർക്കിലും പ്രായപരിധിയിലും പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന അതേ നിലവാരത്തിലുള്ള ആനുകൂല്യം അനുവദിക്കുന്നതിന് സർവകലാശാലാ തലത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

26.05.2023-ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗം മേൽ വിഷയം പരിഗണിക്കുകയും, ആയത് മഹാത്മാഗാന്ധി സർവകലാശാലയിൽ നടപ്പിലാക്കുന്നതിനെക്കുറിച്ച് പഠനം നടത്തുന്നതിന്, പ്രൊഫ.(ഡോ.)മിനിക്കുട്ടി എ, ഡീൻ, ഫാക്കൽറ്റി ഓഫ് എഡ്യൂക്കേഷൻ, പ്രൊഫ.(ഡോ.)സുനില തോമസ്, പ്രൊഫ.(ഡോ.)ബിജു ലക്ഷ്മണൻ, പ്രൊഫ.(ഡോ.)ആശ ജെ വി, സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തികൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവാകുകയുണ്ടായി.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ടി കമ്മിറ്റി വിഷയം വിശദമായി പഠിക്കുകയും, റിപ്പോർട്ട് സമർപ്പിക്കുകയും ആയത് സിൻഡിക്കേറ്റിന്റെ പരിഗണനക്ക്

സമർപ്പിക്കുകയും, ചെയ്യതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികൾക്ക് മഹാത്മാഗാന്ധി സർവകലാശാലയിൽ വിവിധ പ്രോഗ്രാമ്മുകളിലേക്കുള്ള പ്രവേശനത്തിന്, യോഗ്യതാ പരീക്ഷയുടെ മാർക്കിലും, പ്രായപരിധിയിലും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിന് സമാനമായ ആനുകൂല്യം അനുവദിക്കുന്നതിന് തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഷാജി കെ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ പി എസ്
2. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
3. പ്രൊഫ.(ഡോ.)മിനിക്കുട്ടി എ, ഡീൻ, ഫാക്കൽറ്റി ഓഫ് എഡ്യുക്കേഷൻ,
4. പ്രൊഫ.(ഡോ.)സുനില തോമസ് , അക്കാദമിക് കൗൺസിൽ അംഗം,
5. പ്രൊഫ.(ഡോ.)ആശ ജെ വി , സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ്
4. എല്ലാ ജെ ആർ/ഡി ആർ /എ ആർ
5. എ സി സി 1/എ സി സി 2 സെക്ഷനുകൾ
6. IT Cell 1&2 സെക്ഷനുകൾ
7. നോഡൽ ഓഫീസർ - CAP
8. പി.ആർ.ഒ/സർവകലാശാല വെബ്സൈറ്റ്
9. ആക്ഷൻ ടേക്കൺ റിപ്പോർട്ട്
10.സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #5 of File 41673/AC A3-1/2023/AC A 3 Approved by ASSISTANT REGISTRAR III (ACADEMIC) on 17-Dec-2024 01:03 PM - Page 2